# ആത്മാവ്

ബാല്യേ, കിശോരിയാരാഞ്ഞു,
പൂക്കാത്ത മാവേത്?
പ്രതിവാണി ഉരുവിട്ടു, ആത്മാവ്.

പിന്നെയുമാരാഞ്ഞു, ആത്മാവെന്ത്?
പ്രതിവചിച്ചില്ലാരുമേ.
അനുയോഗമാവർത്തിച്ചു; ഓതിക്കോനോടും,
സാമൂഹികശാസ്ത്രവും ചരിത്രവും ഭാഷയു-
മുരുവിട്ട ഗുരുഭൂതരോടൊക്കെയും,
ഇല്ല, പ്രത്യുക്തിയില്ലാർക്കും!

കാതങ്ങൾ പിന്നിട്ടു-
വേദപുസ്തകമോതിയപ്പോ-
ളൊരു തിരുവാക്യമതിൽ,
'ആത്മാവിനെക്കുറിച്ചവർ-
ആരാഞ്ഞിടുന്നു, നീ ചൊൽക
അൽപജ്ഞനാം മർത്യനറിയില്ല-
തിൻ പൊരുൾ.'

കാലചക്രപുനഭ്രമണേ-
അനുയാനം ചെയ്താത്മചിന്ത,
അച്യുതമജ്ഞേയമാണാത്മാവ്,
വൃദ്ധിക്ഷയങ്ങളുണ്ടതിന്.
അഖിലാണ്ഡമാകെ നേടി-
ആത്മാവു നേടിയില്ലെങ്കിലെന്തു നേട്ടം?

ആത്മസ്ഫുടമുടയോൻ പ്രാപിക്കുന്നു പറുദീസയെ,
അപവാദി ആപതിക്കുന്നു പാതാളമധ്യേ.
അതേ, പൂക്കുന്ന, കായ്ക്കുന്നതാണാത്മാവ്.

**എ.എ ജലീൽ, അഴീക്കോട്**

# അന്യർ

എനിക്കിപ്പോൾ കാണാവുന്നത്
ഒരു പന്ത് മാത്രം.
ആരും വിളിക്കരുതെന്നെ;
ഞാൻ ഗ്യാലറിയിലാണ്.
സമയമന്വേഷിക്കരുതെന്നോട്;
എന്റെ കൈകൾ റിമോട്ടിലാണ്.
ഞാനും കളിക്കാരനാണ്.
എനിക്കുള്ളിൽ കോളയാണ്.
നുരഞ്ഞു പതയുന്ന എന്നിൽ
നീ കുടിനീര് തെരയുന്നുവോ?
ഞാനിന്നു മന്നൻ....
നിന്റെ തോളിൽ മാറാപ്പ്.....
ഇനി നിനക്കു പോകാം,
ഇതെന്റെ മണ്ണും മാനവും.
ഇന്നലെയായിരുന്നു തീറെഴുത്ത്.

**കെ.എം സുമയ്യ**
**ഈസ്റ്റ് കോഡൂർ**